# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

### എയ്ഡഡ് മേഖലയിൽ പുതുതായി പ്ലസ്ടു, ഹയർസെക്കന്ററി സ്കൂളുകൾ

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1005 | 13.06.2013 -ൽ മറുപടിക്ക് |
| ചോദ്യം | ഉത്തരം |
| ശ്രീ. എളമരം കരീം | ശ്രീ. പി.കെ. അബ്ദു റബ്ബ് , വിദ്യാഭ്യാസ വകുപ്പ് മന്ത്രി |
| (എ) എയ്ഡഡ് മേഖലയിൽ പുതുതായി പ്ലസ്ടു കോഴ്സോ ഹയർസെക്കന്ററി സ്കൂളുകളോ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ | (എ) ഉണ്ട്. |
| (ബി)ഇതിനായി നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ടോ;എത്ര എയ്ഡഡ് മാനേജുമെന്റുകളിൽ നിന്ന് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ഹയർ സെക്കന്ററി സ്കൂളുകളോ,വി.എച്ച്.സി. കളോ ഇല്ലാത്ത എത്ര പഞ്ചായത്തുകൾ സംസ്ഥാനത്തുണ്ട്; | (ബി) ഇല്ല. ഹയർ സെക്കന്ററി കോഴ്സുകൾ ഇല്ലാത്ത 148 പഞ്ചായത്തുകളിൽ 296 ബാച്ചുകളടക്കം 678 ബാച്ചുകൾ സർക്കാർ മേഖലയിലും എയ്ഡഡ് മേഖലയിലുമായി അനുവദിക്കാൻ അപേക്ഷ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കാൻ സ.ഉ(കൈ)നം 185/2013 തീയതി 11.06.2013 പ്രകാരം ഹയർ സെക്കന്ററി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഹയർ സെക്കന്ററി സ്കൂളുകളൊ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളൊ ഇല്ലാത്ത 94 പഞ്ചായത്തുകൾ സംസ്ഥാനത്തുണ്ട്. |
| (സി)പുതുതായി ഹയർ സെക്കന്ററി സ്കൂളുകളുടെ ആവശ്യകത പഠിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദ മാക്കാമോ?; | (സി) ഇല്ല. എന്നാൽ ലഭിക്കുന്ന അപേക്ഷകൾ വിശദമായി പരിശോധിച്ച് അപഗ്രഥിച്ച് വ്യക്തമായ ശുപാർശ സഹിതം സമർപ്പിക്കാൻ ഹയർസെക്കന്ററി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ